"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി. ചന്ദ്രിക. പി യെ ടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയ ഉത്തരവിന് 16.01.2020 തീയതി മുതൽ പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1645/2022/LSGD തീയതി,തിരുവനന്തപുരം, 11-07-2022

---

പരാമർശം:-
1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.01.2020 ലെ ഒ.എ 1559/2018 നം. ഉത്തരവ്.
2. ബഹു. കേരള ഹൈക്കോടതിയുടെ 09.03.2021 ലെ OP(KAT) 382/2020 നം. വിധിന്യായം
3. സ.ഉ (സാധാ)നം. 1803/2021/തസ്വഭവ തീയതി 20.09.2021

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ റോഡ് സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി. ചന്ദ്രിക. പി യെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു. കേരള ഹൈക്കോടതിയുടെയും പരാമർശം (1), (2) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം കാഷ്വൽ / താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന സ. ഉ (പി) 58/2018/ ധന തീയതി 10.04.2018 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാലുമാണ് ശ്രീമതി. ചന്ദ്രിക. പി യെ സർക്കാർ ഉത്തരവ് തീയതിയായ 20.9.2021 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകിയത്. എന്നാൽ പരാമർശം (2) ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയതിനാൽ, പരാമർശം (1) ഉത്തരവ് നിലനിൽക്കുമെന്നും അതിലെ നിർദ്ദേശങ്ങൾ സർക്കാർ പാലിക്കേണ്ടതാണെന്നും ബഹു. ട്രൈബ്യൂണൽ അതിന്റെ ഉത്തരവിൽ 16.01.2020 ൽ നിർദ്ദേശിച്ച സമയപരിധി പ്രകാരം, റെഗുലറൈസേഷൻ ഓർഡർ 1-6-2020-ന് മുമ്പ് പുറപ്പെടുവിച്ചിരിക്കണമെന്നും എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം അത് 20-9-2021 ലാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ഇത് ബഹു. ട്രൈബ്യൂണൽ നിർദേശത്തിന് വിരുദ്ധമാണെന്നും ആയതിനാൽ മേൽ ഉത്തരവിൽ ഭേദഗതി വരുത്തി സ്ഥിരപ്പെടുത്തൽ അനുവദിക്കണമെന്നും പരാതിക്കാരിയുടെ അഭിഭാഷകൻ ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സാഹചര്യങ്ങളിൽ നന്ദിയോട്

ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി. ചന്ദ്രിക. പി യെ സ്ഥിരപ്പെടുത്തിയ പരാമർശം (3) ഉത്തരവ് ഭേദഗതി ചെയ്ത് ടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് തീയതിയായ 16.01.2020 തീയതി മുതൽ പ്രാബല്യത്തിൽ ശ്രീമതി. ചന്ദ്രിക. പി യെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. ചന്ദ്രിക. പി, പാർട്ട് ടൈം റോഡ് സ്വീപ്പർ, നന്ദിയോട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല (സെക്രട്ടറി, നന്ദിയോട് ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.

സെക്രട്ടറി, നന്ദിയോട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/177/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 11-07-2022 15:45:43**
സെക്ഷൻ ഓഫീസർ